**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2396** **13-09-2023 - ൽ മറുപടിയ്ക്ക്**

**പരിയാരം സർക്കാർ ആയുർവ്വേദ കോളേജിലെ അമ്മയും കുഞ്ഞും ആശുപത്രി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ ജില്ലയിലെ പരിയാരം സർക്കാർ ആയുർവ്വേദ കോളേജിലെ നിർമ്മാണം പൂർത്തിയാക്കിയ അമ്മയും കുഞ്ഞും ആശുപത്രി പൂർണ്ണ സജ്ജമാക്കാനാവശ്യമായ എന്തൊക്കെ നടപടികളാണ് ആയുഷ് വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (എ) | കണ്ണൂർ സർക്കാർ ആയുർവേദ കോളേജിനോട് ചേർന്ന അമ്മയും കുഞ്ഞും ആശുപത്രിയുടെ നിർമ്മാണം പൂർത്തിയാക്കുകയും 22 സ്ഥിരം തസ്തികയും, ദിവസവേതന അടിസ്ഥാനത്തിലുള്ള 15 തസ്തികയും സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. 2021 ഒക്ടോബർ 2-ന് ഒ.പി. സേവനവും, 2022 മാർച്ച് 8-ന് ഐ.പി. സേവനവും ആരംഭിച്ചിട്ടുണ്ട്. ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി) പീഡിയാട്രീഷ്യൻ എന്നീ തസ്തികകളിൽ നിയമനം നടത്തുന്നതിന് നിരവധി തവണ വിവിധ മാധ്യമങ്ങൾ വഴി വിജ്ഞാപനം ചെയ്തുവെങ്കിലും ഉദ്യോഗാർത്ഥികളെ ലഭിച്ചിട്ടില്ല. പ്രസ്തുത തസ്തികകളിൽ ഡെപ്യൂട്ടേഷൻ നിയമനം നടത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ